# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 07-08-2026**

## പ്രധാനവാർത്തകൾ

1) നീറ്റ് ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ പാർലമെന്റിൽ പ്രതിഷേധം തുടർന്ന് പ്രതിപക്ഷം; ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

2) സ്വദേശി പ്രസ്ഥാനം ആരംഭിച്ചതിന്റെ ഓർമ പുതുക്കി ഇന്ന് ദേശീയ കൈത്തറി ദിനം; ദേശീയ കൈത്തറി പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു.

3) സാമൂഹ്യസുരക്ഷാ - ക്ഷേമനിധി പെൻഷൻ, ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ ഉത്തരവായി.

4) സംസ്ഥാനത്ത് രണ്ട് ദിവസം കൂടി ശക്തമായ മഴ തുടരും; എട്ടു ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത; കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

5) കനത്ത മഴ സാധ്യതയുള്ള പ്രദേശങ്ങളിൽ സ്ഥിതിഗതി നിരന്തരം നിരീക്ഷിക്കുന്നതായി റവന്യൂ മന്ത്രി എ.പി.അനിൽകുമാർ.

PNU TVPM

6) കൊറിയ മാസ്റ്റേഴ്സ് ബാഡ്മിന്റണിൽ ഇന്ത്യയുടെ അഷ്മിത ചാലിഹയും രക്ഷിത രാംരാജും സെമിഫൈനലിൽ.

************************************

## പാർലമെന്റ്

പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരു സഭകളിലും നടപടികൾ തടസ്സപ്പെട്ടു. നീറ്റ് വിഷയത്തിലെ വിദ്യാർത്ഥി പ്രക്ഷോഭത്തിന് നേരെ ഉണ്ടായ പൊലീസ് നടപടിയിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭ സ്തംഭിപ്പിച്ചത്.

ക്വിറ്റ് ഇന്ത്യ സമരത്തിന്റെ എൺപത്തിനാലാം വാർഷികത്തോടനുബന്ധിച്ച് സ്വാതന്ത്ര്യസമര സേനാനികൾക്കും രക്തസാക്ഷികൾക്കും
ഇരുസഭകളും ആദരമർപ്പിച്ചു. ചോദ്യോത്തരവേള ആരംഭിച്ചയുടൻ പ്രതിപക്ഷ അംഗങ്ങൾ വിദ്യാർത്ഥി പ്രക്ഷോഭ വിഷയം ഉന്നയിക്കുകയും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ പ്രസ്താവന ആവശ്യപ്പെട്ട് ബഹളം വയ്ക്കുകയും ചെയ്തതോടെ സഭാ നടപടികൾ നിർത്തിവയ്ക്കുകയായിരുന്നു. ഇന്നത്തേക്ക് പിരിഞ്ഞ ഇരുസഭകളും ഇനി തിങ്കളാഴ്ച ചേരും.

PNUTVPM

************************************

## ദേശീയ കൈത്തറി ദിനം

കൊൽക്കത്തയിൽ 'സ്വദേശി പ്രസ്ഥാനം ആരംഭിച്ചതിന്റെ ഓർമ്മ പുതുക്കി ഇന്ന് ദേശീയ കൈത്തറി ദിനം. ദിനാചരണത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന പ്രത്യേക പരിപാടിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു കൈത്തറി അവാർഡുകൾ സമ്മാനിച്ചു. 2015 ഓഗസ്റ്റ് 7-ന് ചെന്നൈയിൽ

വെച്ചാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ആദ്യ ദേശീയ കൈത്തറി ദിനത്തിന് ഔദ്യോഗിക തുടക്കം കുറിച്ചത്.

*************************************

## കൈത്തറി ദിനം - സംസ്ഥാനം

സംസ്ഥാനത്ത് ദിനാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്തു നടക്കുന്ന പരിപാടി മന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യും. സംസ്ഥാനതല കൈത്തറി വസ്ത്ര പ്രദർശന വിപണന മേളയ്ക്ക് ഇന്ന് കണ്ണൂരിൽ തുടക്കമാകും. കേരളത്തിലെയും ഇതര സംസ്ഥാനങ്ങളിലെയും പ്രമുഖ കൈത്തറി സംഘങ്ങൾ, ഹാൻടെക്സ്, ഹാൻവീവ്, കരകൗശല സംഘങ്ങൾ എന്നിവരുടെ 60 ലധികം സ്റ്റാളുകൾ ഉണ്ടാകും.

*************************************

## കൈത്തറി (ഇൻട്രോ)

കൈത്തറി മേഖലയിലേക്ക് പുതിയ തലമുറയെ ആകർഷിക്കുന്നതിന് കൂടുതൽ കോഴ്സുകളും പദ്ധതികളും കേന്ദ്ര -സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കണമെന്ന് തിരുവനന്തപുരം ബാലരാമപുരത്തെ കൈത്തറി തൊഴിലാളി ശുഭ ആകാശവാണി വാർത്തകളോട് പറഞ്ഞു....

(ഹോൾഡ്)

*************************************

## പെൻഷൻ ഡി ബിടി

സാമൂഹ്യസുരക്ഷാ - ക്ഷേമനിധി പെൻഷൻ, ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ ഉത്തരവായി. ആധാർ

RNU TVPM

ബന്ധിപ്പിച്ച ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക വിതരണം ചെയ്യും. ശേഷിക്കുന്ന തുക തിരിച്ചടയ്ക്കുന്നതിലെ കാലതാമസം, സേവന പോർട്ടലിലെ രേഖപ്പെടുത്തലിലെ പൊരുത്തക്കേട്, അർഹതയില്ലാത്തവർക്ക് പെൻഷൻ ലഭിക്കുന്ന സാഹചര്യം എന്നിവ ഒഴിവാക്കുന്നതിന്റെ ഭാഗമായാണ് നടപടി. കിടപ്പുരോഗികളായ ഗുണഭോക്താക്കളെ ഇതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

************************************

## വി,എസ്.എസ്.സി- ചന്ദ്രയാൻ 3

ദേശീയ ബഹിരാകാശ ദിനത്തിന് മുന്നോടിയായി സംഘടിപ്പിച്ച സോൺ - 7 പരിപാടികളുടെ ഉദ്ഘാടനം

വി എസ് എസ് സി ഡയറക്ടർ ഡോ. രാജീവ് യു പി. തിരുവനന്തപുരം വിതുര ജവഹർ നവോദയ വിദ്യാലയത്തിൽ നിർവഹിച്ചു. ഭാവിയിൽ മറ്റ് ഗ്രഹങ്ങളിൽ പരീക്ഷണം നടത്താനുള്ള പ്രചോദനം ചന്ദ്രയാൻ - 3 ന്റെ വിജയത്തിലൂടെ ലഭിച്ചതായി അദ്ദേഹം പറഞ്ഞു.

RNU TVPM

************************************

## അഗ്നി 4 - രാജ്നാഥ് സിങ്ങ്

മധ്യദൂര ബാലിസ്റ്റിക് മിസൈലായ അഗ്നി- 4 ഇന്ത്യ വിജയകരമായി പരീക്ഷിച്ചു. ഒഡിഷയിലെ ചാന്ദിപ്പൂരിലുള്ള ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ നിന്നായിരുന്നു വിക്ഷേപണം. മിസൈലിന്റെ പ്രവർത്തനപരവും സാങ്കേതികവുമായ എല്ലാ വശങ്ങളും പരീക്ഷണം വഴി സാധൂകരിച്ചു. ദൗത്യത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് അഭിനന്ദിച്ചു.

************************************

## ജുഗ് ജുഗ് ജിയോ അഭിയാൻ

അവയവദാനത്തെ കുറിച്ച് കേന്ദ്ര ആരോഗ്യമന്ത്രാലയം ആരംഭിച്ച ജുഗ് ജുഗ് ജിയോ അഭിയാൻ പ്രവർത്തനങ്ങളിൽ ജനങ്ങൾ പങ്കാളികളാകണമെന്ന് കേന്ദ്ര സർക്കാർ. അവയവദാനത്തിന്റെ പ്രാധാന്യം സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലും എത്തിക്കുകയാണ് ഒരു വർഷത്തെ രാജ്യവ്യാപക ബോധവത്കരണ പരിപാടിയുടെ ലക്ഷ്യം.

*************************************

## സുഗതന്റെ പരോൾ

കരുതൽ തടങ്കലിൽ കഴിയുന്ന തിരുവനന്തപുരം കോർപറേഷൻ കൗൺസിലർ സുഗതന്റെ എസ്കോർട്ട് പരോൾ അപേക്ഷയുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ മറുപടിക്കത്ത് റദ്ദാക്കിയതായി ആഭ്യന്തര വകുപ്പ്. ഇതോടെ പരോൾ അപേക്ഷ നിരസിച്ചുകൊണ്ടുള്ള മുൻ തീരുമാനം തുടരും. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനൗദ്യോഗിക കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് നടപടി.

RNU TVPM

*************************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് രണ്ട് ദിവസം കൂടി ശക്തമായ മഴ തുടരും. എട്ടു ജില്ലകളിൽ ഓറഞ്ച് ജാഗ്രത. മറ്റ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*************************************

## ജാഗ്രതാ നിർദ്ദേശം-എ.പി.അനിൽകുമാർ

കനത്ത മഴ സാധ്യതയുള്ള പ്രദേശങ്ങളിൽ ജാഗ്രത നിർദ്ദേശം തുടരുന്നതായി റവന്യൂ മന്ത്രി എ പി അനിൽകുമാർ.

സംസ്ഥാനത്ത് 463 ദുരിതാശ്വാസ ക്യാമ്പുകളിലായി 41,517 പേരാണ് കഴിയുന്നത്. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ സ്ഥിതിഗതി നിരന്തരം നിരീക്ഷിക്കുന്നതായും റവന്യൂമന്ത്രി അറിയിച്ചു.

************************************

## കോട്ടയം- മഴ (ഇൻട്രോ)

കോട്ടയത്ത് മഴ വീണ്ടും ശക്തി പ്രാപിച്ചു. കിഴക്കൻ മലയോര മേഖലയിൽ അടക്കം ശക്തമായ മഴ പെയ്യുതോടെ മീനച്ചലാറ്റിൽ ജലനിരപ്പ് നേരിയ തോതിൽ ഉയർന്നു.

**വിശദാംശങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ്.നായർ.....**

(വോയിസ്)

RNU TVPM

************************************

## പി.കെ.കുഞ്ഞാലിക്കുട്ടി

മലപ്പുറം പാണക്കാട് ഉണ്ടായ മണ്ണിടിച്ചിലിൽ മൈനിങ് ആൻഡ് ജിയോളജി വകുപ്പിന് വീഴ്ച സംഭവിച്ചതായി

മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി. മണ്ണെടുക്കാനുള്ള അനുമതി മറികടന്ന് കല്ല് പൊട്ടിക്കാൻ ശ്രമം നടന്നിരുന്നുവെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. അപകടം നടന്ന സ്ഥലത്ത് ഒരു കാരണവശാലും ഇനി നിർമാണം അനുവദിക്കില്ലെന്നും മന്ത്രി വ്യക്തമാക്കി.

************************************

## കണ്ണൂർ -മഴ (ഇൻട്രോ)

കണ്ണൂർ ജില്ലയിൽ വ്യാപകമായ മഴ തുടരുന്നു. നിലവിൽ രണ്ട് ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ......**

(വോയിസ്)

************************************

## കുതിരാൻ മണ്ണിടിച്ചിൽ (ഇൻട്രോ)

കുതിരാൻ തുരങ്കത്തിൻ്റെ പടിഞ്ഞാറ് ഭാഗത്ത് നേരിയ തോതിൽ മണ്ണിടിച്ചിൽ. മന്ത്രി ഒ ജെ ജനീഷ് പ്രദേശത്ത് സന്ദർശനം നടത്തി.

വിശദാംശങ്ങളുമായി ആകാശവാണി **തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്......**

(വോയിസ്)

RNU TVPM

************************************

## ബാഡ്മിന്റൺ

കൊറിയ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റിന്റെ വനിതാ സിംഗിൾസിൽ ഇന്ത്യൻ താരങ്ങളായ അഷ്മിത ചാലിഹയും, രക്ഷിത രാംരാജും സെമിഫൈനലിൽ പ്രവേശിച്ചു. ക്വാർട്ടർ മത്സരത്തിൽ ജപ്പാന്റെ ടോപ് സീഡ് താരം ഹിന അകെച്ചിയെയാണ് അഷ്മിത പരാജയപ്പെടുത്തിയത്. ഇന്ത്യൻ താരങ്ങൾ നേർക്കുനേർ ഏറ്റുമുട്ടി മറ്റൊരു ക്വാർട്ടറിൽ തൻവി ശർമ്മയെ തോൽപ്പിച്ചാണ് രക്ഷിത രാംരാജ് സെമിൽ

സ്ഥാനമുറപ്പിച്ചത്. പുരുഷ ഡബിൾസ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ പൃഥ്വി കൃഷ്ണമൂർത്തി റോയ്– കൃഷ്ണപ്രസാദ് ഗരഗ സഖ്യം അൽപ്പസമയത്തിനകം മലേഷ്യൻ ടീമിനെ നേരിടും.

***********************************

## ചെസ്സ്

യു.എസിൽ നടന്ന ഗ്രാന്റ് ചെസ്സ് ടൂർണമെന്റിൽ ഇന്ത്യൻ ഗ്രാന്റ്മാസ്റ്റർ ആർ.പ്രഗ്നാനന്ദ ചാമ്പ്യനായി. ഉസ്ബെക്കിസ്ഥാന്റെ ഗ്രാന്റ്മാസ്റ്റർ ജാവോഖിർ സിന്ദാരോവിനെ സമനിലയിൽ തളച്ചാണ് 20-കാരനായ പ്രഗ്നാനന്ദ കിരീടം ഉറപ്പിച്ചത്. ജൂണിൽ ഓസ്ലോയിൽ നടന്ന നോർവേ ചെസ്സ് 2026-ന്റെ അവസാന റൗണ്ടിൽ ജർമ്മനിയുടെ വിൻസെന്റ് കെയ്മറെ തോൽപ്പിച്ച് പ്രഗ്നാനന്ദ ചരിത്രനേട്ടം കുറിച്ചിരുന്നു.

RNU TVPM

***********************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 430 പോയിന്റ് ഇടിഞ്ഞ് 78,520 ലും നിഫ്റ്റി 70 പോയിന്റ് നഷ്ടത്തിൽ 24,565 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില കൂടി. പവന് 120 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 9,920 രൂപയും ഗ്രാമിന് 13,740 രൂപയുമാണ് ഇന്നത്തെ വില.

*****************************************************************

***********************************